(iv) മലപ്പുറം ജില്ലയിലെ തിരുനാവായ പാലത്തിന്റെയും നിലമ്പൂർ ബൈപ്പാസിന്റെയും സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായിട്ടില്ല.

(v) പെരുമൺ പാലം നിർമ്മാണം ഇപ്പോൾ ഏറ്റെടുക്കേണ്ടതില്ല എന്ന് സർക്കാർ തീരുമാനിച്ചിരിക്കുകയാണ്.

(സി&ഡി) പെരുമ്പാവൂർ ഠൗൺ ബൈപ്പാസിന്റെ നിർമ്മാണത്തിനുള്ള അലൈൻമെന്റ് സംബന്ധിച്ച തർക്കങ്ങൾ പരിഹരിച്ച് അലൈൻമെന്റ് പുനർനിർണ്ണയിച്ചതിനുശേഷംമാത്രമേ സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കാനും പുതുക്കിയ ഭരണാനുമതി ലഭ്യമാക്കി നിർമ്മാണം ആരംഭിക്കാനും കഴിയുകയുള്ളൂ.

ദേശീയപാതകളിലെ പ്രധാന ജംഗ്ഷനുകളിൽ ഫ്ലൈ ഓവറുകൾ

256 (5341) ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ദേശീയപാതകളിൽ ക്രോസ് റോഡുകൾ വന്നുചേരുന്ന പ്രധാന ജംഗ്ഷനുകളിൽ ഫ്ളൈ ഓവറുകൾ നിർമ്മിക്കാനുള്ള പദ്ധതി പരിഗണനയിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ ദേശീയ പാതകളിലെ പ്രധാന ജംഗ്ഷനുകൾ കണ്ടെത്തി അവിടങ്ങളിൽ ഫ്ളൈഓവർ നിർമ്മിച്ച് ഗതാഗത തടസ്സവും അപകടങ്ങളും ഒഴിവാക്കുന്നതിനുള്ള ഒരു സമഗ്ര പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. ദേശീയപാതകൾ നാലുവരിപ്പാതയായി വികസിപ്പിക്കുമ്പോൾ ഗതാഗത തിരക്കും ആവശ്യകതയും കണക്കിലെടുത്ത് പ്രധാന ജംഗ്ഷനുകളിൽ ഫ്ലൈഓവറുകൾ നിർമ്മിക്കുന്നതാണ്.

കല്ല്യാശ്ശേരി മണ്ഡലത്തിലെ കെട്ടിടങ്ങളും റോഡുകളും

257 (5342) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് മുഖേന ഭരണാനുമതി ലഭിച്ച കല്ല്യാശ്ശേരി മണ്ഡലത്തിലെ കെട്ടിടങ്ങളുടെയും പാലങ്ങളുടെയും വിശദാംശം നൽകുമോ ;

(ബി) ഭരണാനുമതി ലഭിച്ചവയിൽ പൂർത്തിയായതും പൂർത്തിയാക്കാൻ ബാക്കിയുള്ളതുമായ പ്രവൃത്തികൾ ഏതൊക്കെയാണെന്നറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് മുഖേന കല്ല്യാശ്ശേരി മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച കെട്ടിടങ്ങളുടെയും അവയിൽ ഭരണാനുമതി ലഭിച്ചവയിൽ പൂർത്തിയായവും പൂർത്തിയാക്കാൻ ബാക്കിയുള്ളതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായിചേർക്കുന്നു.* പാലങ്ങളുടെ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടില്ല.

ചാത്തങ്കരയിലെ കോൺകോർഡ് പാലം

258 (5343) ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തങ്കരയിലെ കോൺകോർഡ് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ&ബി) പ്രസ്തുത പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. അലൈൻമെന്റ് പൂർത്തീകരിച്ച് ഡിസൈൻ തയ്യാറാക്കിയ ശേഷമേ എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനടപടികൾ സ്വീകരിക്കാൻ കഴിയൂ.

കടുത്തുരുത്തി കമ്മ്യൂണിറ്റിഹാൾ നിർമ്മാണം

259 (5344) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടുത്തുരുത്തി കമ്മ്യൂണിറ്റിഹാൾ നിർമ്മാണം സംബന്ധിച്ച പൊതുമരാമത്ത് വകുപ്പിലെ 12311/EI/PWD/2014 നമ്പർ ഫയലിന്റെ പുരോഗതി അറിയിക്കാമോ ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തിക്ക് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ ; ആയത് ഭരണാനുമതി ലഭിക്കുന്നതിന് ധനകാര്യ വകുപ്പിലേക്ക് അയയ്ക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ ?

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly